**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **09-10-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ മത്സ്യബന്ധനവകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവകുപ്പ് മുഖാന്തിരം അനുവദിച്ചതും നടപ്പിലാക്കിയതുമായ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കാമോ? | (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ PMMSY പദ്ധതി പ്രകാരം വകുപ്പ് FISH-KIOSK പ്രോജക്റ്റ് 80% പ്രവൃത്തി പൂർത്തീകരിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേനയും, മത്സ്യബന്ധനവകുപ്പ് മുഖാന്തിരം അനുവദിച്ചതും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയും, സാഫ് മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം - I, II, III** ആയി ചേർക്കുന്നു<br><br>**മത്സ്യഫെഡ് പ്രോജക്റ്റ് വിഭാഗം വഴി നടപ്പിലാക്കിയ പദ്ധതികളുടെ തൽസ്ഥിതി വിവരം ചുവടെ ചേർക്കുന്നു:-**<br><br>1. **ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) -** മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മേൽ പദ്ധതി പ്രകാരം മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു. പ്രസ്തുത വായ്പ പലിശരഹിതമായിട്ടാണ് 2018-2019 മുതൽ നടപ്പിലാക്കി വരുന്നത്. സഹകരണ സംഘം വഴി നടപ്പിലാക്കുന്ന മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം വായ്പ അനുവദിച്ച് നൽകി വരുന്നു. മാവേലിക്കര മണ്ഡലത്തിൽ 12.35 ലക്ഷം രൂപ മത്സ്യബന്ധന ഉപകരണ വായ്പയും 1.20 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധന വായ്പ പൂർണ്ണമായും |

തിരിച്ചടയ്ക്കുകയും മത്സ്യബന്ധന ഉപകരണ വായ്പയുടെ തിരിച്ചടവ് 100 ശതമാനവുമാണ്.

**2. <u>ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ</u>**

**<u>എ. മൈക്രോഫിനാൻസ് വായ്പ</u>**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി. എഫ്.ഡി.സി. യുടെയും എൻ.എം.ഡി.എഫ്. സി യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 36 സ്വയം സഹായ ഗ്രൂപ്പുകളിലെ 467 അംഗങ്ങൾക്കായി 207.35 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ആയതിന്റെ തിരിച്ചടവ് 98 ശതമാനവുമാണ്.

**<u>ബി. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി</u>**

ഈ പദ്ധതി വഴി മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്ത് വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷകാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്തു വരുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം 10 പ്രവർത്തന ഗ്രൂപ്പിലെ 86 അംഗങ്ങൾക്കായി 17.2 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ആയത് പൂർണ്ണമായും തിരിച്ചടക്കുകയും ചെയ്തു.

**<u>3. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി.</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മേൽ പദ്ധതി പ്രകാരം മത്സ്യബന്ധന ഉപകരണ വായ്പ നൽകി വരുന്നു. പ്രസ്തുത വായ്പ പലിശരഹിതമായിട്ടാണ് 2018-19 മുതൽ നടപ്പിലാക്കി വരുന്നത്. സഹകരണ സംഘം

| | | | |
|---|---|---|---|
| | | | വഴി നടപ്പിലാക്കുന്ന മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം വായ്പ അനുവദിച്ച് നൽകി വരുന്നു. മാവേലിക്കര മണ്ഡലത്തിൽ 12.35 ലക്ഷം രൂപ മത്സ്യബന്ധന ഉപകരണ വായ്പയും 1.20 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധന വായ്പ പൂർണ്ണമായും തിരിച്ചടയ്ക്കുകയും മത്സ്യബന്ധന ഉപകരണ വായ്പയുടെ തിരിച്ചടവ് 100 ശതമാനവുമാണ്.<br><br>**<u>മത്സ്യഫെഡ് അക്വാ വിഭാഗം വഴി നടപ്പിലാക്കിയ പദ്ധതികളുടെ തൽസ്ഥിതി വിവരം ചുവടെ ചേർക്കുന്നു.</u>**<br><br>നൂറനാട് ഫിഷ് മാർട്ട് 2023 ൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷ് മാർട്ട് നിലവിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – II**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| **2021 – 22 സാമ്പത്തിക വർഷം** | | | |
| **കിഫ്ബി പദ്ധതികൾ** | | | |
| 1 | താമരകുളം മത്സ്യമാർക്കറ്റ് | 227.52 | ദർഘാസ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| 2 | മാങ്കാംകുഴി മത്സ്യമാർക്കറ്റ് | 176.13 | പദ്ധതി പൂർത്തീകരിച്ചു വരുന്നു. |
| **2023-24 സാമ്പത്തിക വർഷം** | | | |
| **സംസ്ഥാന ബഡ്ജറ്റ് പദ്ധതി** | | | |
| 3. | പടനിലം, പബ്ലിക്ക് മാർക്കറ്റ്, നൂറനാട് | 150.00 | പൂർത്തീകരണം അവസാന ഘട്ടത്തിൽ |

<u>**അനുബന്ധം – III**</u>

| ക്രമ നം. | പദ്ധതിയുടെ പേര് | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട സംരംഭങ്ങളുടെ വികസനം | 2 | 5 | 5.00 |

മേൽപ്പറഞ്ഞ പദ്ധതികളുടെ കീഴിൽ ആരംഭിച്ച ഗ്രൂപ്പുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും അവരുടെ വരുമാനം മെച്ചപ്പെട്ടുകയും ചെയ്തിട്ടുണ്ട്. 2024–2025 സാമ്പത്തിക വർഷത്തിൽ 1109 തൊഴിൽ ദിനങ്ങളിലായി 10.05 ലക്ഷം രൂപയുടെ വിറ്റുവരവിൽ നിന്നും 2.54 ലക്ഷം രൂപ വേതനം ലഭിച്ചിട്ടുണ്ട്.

## അനുബന്ധം - I

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക(ലക്ഷത്തിൽ) | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| | | **2021-22** | |
| 1 | പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ്ഷൻ ചൂരൽ വയൽ ഏലാ-മായക്ഷിക്കാവ് റോഡ് | 71.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | തെക്കേകര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 68.90 | പ്രവൃത്തി പൂർത്തീകരിച്ചു |
| | | **2022-23** | |
| 1 | തഴക്കര പഞ്ചായത്ത് വെട്ടിയാർ പാലം - ആറ്റതീരം റോഡ് & ഉണ്ടിത്തറ - മണപ്പുറത്ത് റോഡ് | 36.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | നൂറനാട് - പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 25.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| | | **2023-24** | |
| 1 | നൂറനാട് - പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് | 70 | പ്രവൃത്തി പൂർത്തീകരിച്ചു |
| | | **2024-25** | |
| 1 | പാലമേൽ പഞ്ചായത്ത് ആറാം വാർഡിലെ പാലമേൽ കരിങ്ങാലി പുഞ്ച കുടശ്ശനാട് മുക്കം ബണ്ട് റോഡ് | 63.00 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| | | **2025-26** | |
| 1 | വള്ളിക്കുന്നം കഞ്ഞിപ്പുഴ പള്ളിമുക്ക് പറയന്റെ കിഴക്കതിൽ ജംഗ്ഷൻ റോഡ് | 123.00 | 20.09.2025 തീയതിയിൽ കരാറുകാന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |